ശ്രീ. രാജു എബ്രഹാം: സർ, അന്ധ-ബധിര-മൂക വിദ്യാർത്ഥികളെ പരിഗണിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. പക്ഷേ നമ്മുടെ വിദ്യാർത്ഥികളിൽ പത്ത് ശതമാനം ലേണിംഗ് ഡിസ്എബിലിറ്റിയുള്ളവരാണെന്നാണ് ഏറ്റവും ഒടുവിൽ പുറത്തു വന്നിട്ടുള്ള കണക്ക്. മൂന്നു വർഷം മുമ്പ് ഈ സഭയിൽ ഞാൻ ഈ വിഷയം ഉന്നയിച്ചപ്പോൾ അന്ന് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ഇതിന് അടിയന്തിരമായ നടപടിയെടുക്കുമെന്ന് പറഞ്ഞു. പക്ഷേ അതിന് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കാനുള്ള ഒരു സംവിധാനംപോലും ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പഠനവൈകല്യമുള്ള ഒരു ലക്ഷത്തിപതിനായിരം കുട്ടികൾ വരും. അവർക്കുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പഠനവൈകല്യമുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ രംഗത്ത് പ്രയോറിറ്റി കൊടുക്കാനായി ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. അത് പ്രാവർത്തികമാക്കി കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞത് അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കുന്നതിനെപ്പറ്റിയാണ്. അതിനുള്ള ഒരു ബുദ്ധിമുട്ട് ഇവർ ഏതെങ്കിലും ഒരു പ്രത്യേക സ്കൂളിലല്ല, സാധാരണയുള്ള സ്കൂളുകളിലാണ് പഠിക്കുന്നത്. ഇങ്ങനെയുള്ള ഒരു ലക്ഷം കുട്ടികൾ പതിനായിരത്തിലധികം സ്കൂളുകളിലായിരിക്കും പഠിക്കുന്നത്. അങ്ങനെ വരുമ്പോൾ അദ്ധ്യാപകരെ നിയമിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അതേസമയം ലേണിംഗ് ഡിസെബിലിറ്റിയുള്ള കുട്ടികൾക്ക് അവരുടെ പഠനത്തിനുള്ള കുറവുകൂടി കണക്കിലെടുത്ത് അവർക്ക് പ്രത്യേക പരിഗണന കൊടുക്കാനുള്ള നടപടി ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങൾ മുഴുവനായല്ല എങ്കിലും കുറേപ്പേർക്കെങ്കിലും പരിശീലനം കൊടുക്കുന്നകാര്യം നമുക്ക് പരിശോധിക്കാം.

ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെ സേവനം

*2 [245] *പ്രൊഫ. എ. ഡി. മുസ്തഫ:*

ശ്രീമതി മേഴ്സി രവി:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരുടെ സേവനം ഗ്രാമപ്രദേശങ്ങളിൽ ഉറപ്പുവരുത്തുന്നതിനു വേണ്ടി നിയമനിർമാണം നടത്തുവാൻ ഉദ്ദേശമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡോക്ടർമാർ ഗ്രാമപ്രദേശങ്ങളിൽ സേവനം നടത്തേണ്ട കാലാവധി അവരെക്കൊണ്ട് അംഗീകരിപ്പിക്കുന്ന വിധത്തിലുള്ള ബോണ്ട് മെഡിക്കൽ വിദ്യാഭ്യാസം ആരംഭിക്കുന്നതിനുമുമ്പ് മെഡിക്കൽ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങാൻ ഉദ്ദേശമുണ്ടോ;

(സി) ഗ്രാമ പ്രദേശത്ത് വർക്കുചെയ്യുന്ന ഡോക്ടർമാർക്ക് അധിക ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ,

(എ) ഉദ്ദേശമുണ്ട്.

(ബി) ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്നും വിജയകരമായി പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളോട് സർക്കാർ ആവശ്യപ്പെടുന്നപക്ഷംമൂന്നു വർഷത്തെ ഗ്രാമീണ സേവനം ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്ന വ്യവസ്ഥ 26-8-2004-ലെ സർക്കാർ ഉത്തരവുപ്രകാരം 2005-ലെ എം.ബി.ബി.എസ്. കോഴ്സിന്റെ അഡ്മിഷനുവേണ്ടിയുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എം.ബി.ബി.എസ്.-ന്റെ അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികളിൽ നിന്നും ബോണ്ട് വാങ്ങുന്നുമുണ്ട്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

പ്രൊഫ. എ. ഡി. മുസ്തഫ: സർ, റൂറൽ പോസ്റ്റിംഗ് നൽകിയ എത്ര പേർ ഇന്ന് ജോലിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇല്ലെങ്കിൽ അതിന്റെ പ്രത്യേക കാരണം എന്താണ്?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: 6-10-2004-ൽ 402 പേരും 3-11-2004-ന് 74 പേരും ഉൾപ്പെടെ 476 പേരെയാണ് പോസ്റ്റ് ചെയ്തത്. വളരെ കുറച്ച് ആളുകളെ ജോയിൻ ചെയ്തിട്ടുള്ളൂ. പക്ഷേ വിദ്യാർത്ഥികൾ കോടതിയിൽ കേസിന് പോവുകയും 2005-ലെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റിവീവ് ചെയ്ത് പോവുകയും ചെയ്തു

പ്രൊഫ. എ. ഡി. മുസ്തഫ: റൂറൽ പോസ്റ്റിംഗ് ലഭിക്കുന്ന ഡോക്ടർമാരുടെ സേവന-വേതന വ്യവസ്ഥ മറ്റ് സ്ഥിരം ഡോക്ടർമാരിൽ നിന്ന് വ്യത്യസ്തമാണോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: റൂറൽ പോസ്റ്റിംഗ് ലഭിക്കുന്ന ഡോക്ടർമാർക്ക് പതിനായിരം രൂപ മാത്രമേ പ്രതിമാസം കൊടുക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, ഡോക്ടർമാരുടെ സേവനം ഗ്രാമീണ തലത്തിൽ ഉറപ്പുവരുത്താൻ നിയമമുണ്ടാക്കുമെന്ന് പറഞ്ഞത് അഭിനന്ദനാർഹമാണ്. പക്ഷേ ആ നിയമം എന്താണെന്ന് ഒന്ന് വിശദീകരിക്കാമോ; നിയമം നിർമ്മിക്കുമ്പോൾ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്; ഏതെങ്കിലും ആശുപത്രിയിലേക്ക് പോസ്റ്റ് ചെയ്യുമ്പോൾ നിലവിലുള്ള ഡോക്ടർമാർ ലോംങ് ലീവെടുത്ത് പോവുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കടയ്ക്കൽ ആശുപത്രിയിൽ മൂന്ന് ഡോക്ടർമാരാണ് ലോംഗ് ലീവെടുത്ത് പോയത്. അത് എം. എൽ.എ. യുടെ കുറ്റമെന്ന നിലയിൽ പ്രക്ഷോഭം വരെയുണ്ടായി. നിയമപരിരക്ഷയോടുകൂടി സേവനം ഉറപ്പുവരുത്തുന്നതിനുള്ള നിയമത്തെക്കുറിച്ച് ഒന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഡോക്ടർമാരുടെ acute scarcity ഉണ്ട്. അത് പരിഗ്ണിച്ച് അടുത്തകാലത്തൊന്നും ഡോക്ടർമാർക്ക് ലോംഗ് ലീവ് കൊടുക്കുന്നില്ല. അഥവാ unauthorised ആയി ലീവെടുത്ത് പോയിട്ടുള്ള ആളുകളെ സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പലരേയും ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. കാരണം സർക്കാർ മെഡിക്കൽ കോളേജിൽ പഠിക്കുകയും അതിനുശേഷം യാതൊരു സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതെ റൂറൽ ഏരിയയിൽ പോസ്റ്റ് ചെയ്താൽ ഏതെങ്കിലും തരത്തിൽ രക്ഷപ്പെടുകയും ചെയ്യുക എന്നുള്ള സമീപനം ശരിയല്ല എന്നുള്ളതുകൊണ്ടുതന്നെ ഗവൺമെന്റ് ഇതിനെ വളരെ ഗൗരവമായി കാണുന്നു. ഇവരുടെ സേവനം പൂർണ്ണമായി ഉറപ്പുവരുത്തുന്നതിനാവശ്യമായ നിയമനിർമ്മാണം ഗവൺമെന്റിന്റെ പരിഗണനയിലാണ്. അതിന് വളരെ ഫുൾ പ്രൂഫായിട്ടുള്ള നിയമനിർമ്മാണത്തെപ്പറ്റിയാണ് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: നിലവിലുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ അഡ്മിഷൻ തുടങ്ങുമ്പോൾ ഗ്രാമീണ സേവനം ഉറപ്പുവരുത്തുന്നതിനുള്ള ബോണ്ടിന് വ്യവസ്ഥയുണ്ടെന്ന് മന്ത്രി മറുപടി തന്നു. അത് എത്രമാത്രം പ്രായോഗികമാണെന്ന് നിലവിലുള്ള അനുഭവം തെളിയിച്ചിട്ടുണ്ടോ; കഴിയുമെങ്കിൽ ഒരു സീനിയർ ഹൗസ് സർജൻസി എന്ന നിലയിൽ ഇത് പരിഗണിക്കുമോ അല്ലെങ്കിൽ നിലവിലുള്ള ഗവൺമെന്റ് ഡോക്ടർമാർക്ക് എം.ഡി.-യ്ക്കോ എം.എസ്.-നോ ഡിപ്ലോമയ്ക്കോ ചേരുന്നതിനുള്ള യോഗ്യതയുടെ മാനദണ്ഡമാക്കി ഗ്രാമീണ സേവനത്തെ വ്യവസ്ഥ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായും മെമ്പർ പറഞ്ഞത് വളരെ ഗൗരവമായ കാര്യമാണ്. 26-8-2004-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ് ഹൗസ് സർജൻസി കഴിഞ്ഞ ഡോക്ടർമാർ നിർബന്ധമായും റൂറൽ ഏരിയയിൽ സേവനം ചെയ്യാനുള്ള ഒരു വ്യവസ്ഥ ആദ്യമായി ഇവിടെ ഉണ്ടാക്കിയത്. അതിനുശേഷം എം.ബി.ബി.എസ്. കോഴ്സ് പൂർത്തിയാക്കി ഹൗസ് സർജൻസി കഴിഞ്ഞാൽ നിർബന്ധമായും ഗ്രാമീണ മേഖലയിൽ സേവനം ചെയ്തിരിക്കണമെന്ന് 2005-ലെ പ്രോസ്പെക്ടസിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് റൂറൽ ഏരിയയിൽ പോസ്റ്റ് ചെയ്ത ഡോക്ടർമാർ റിലീവ് ചെയ്തു പോയിരിക്കുന്നത്. പി.ജി. കോഴ്സിന് പോകുന്നവരെ ഈ ഉത്തരവിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പി.ജി. കോഴ്സ് കഴിഞ്ഞാൽ അവർ നിർബന്ധമായും ഗ്രാമീണ സേവനം ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ആൾ ഇൻഡ്യ ക്വാട്ടയിൽ വരുന്ന കുട്ടികൾക്ക് ഇത് ബാധകമല്ല. അതിലും വേണമോ എന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം കൊണ്ടുവരുന്നതിനുവേണ്ടി നിയമ നിർമ്മാണം നടത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. നിയമനിർമ്മാണം കൊണ്ടുവന്നതു കൊണ്ടുമാത്രം ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കാൻ കൂടിയുള്ള നിയമം കൊണ്ടുവന്നെങ്കിൽ മാത്രമേ ഈ നിയമം കൊണ്ടുവന്നതുകൊണ്ട് കാര്യമുള്ളൂ. കാരണം സ്വകാര്യ മേഖലയിലെ ആശുപത്രികളിൽ നിന്ന് വലിയ ആനുകൂല്യങ്ങളാണ് ഡോക്ടർമാർക്ക് ലഭിക്കുന്നത്. നമ്മുടെ സർക്കാർ ആശുപത്രികളിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ ഇരട്ടി സൗകര്യങ്ങളാണ് അവിടെ നിന്നും അവർക്ക് ലഭിക്കുന്നത്. അതുകൊണ്ട് സ്വാഭാവികമായും ഗ്രാമീണ മേഖലയിൽ വർക്ക് ചെയ്യാൻ ആരും തയ്യാറായി വരുന്നില്ല. ഗ്രാമീണ മേഖലയിൽ ജോലി ചെയ്യാൻ തയ്യാറായി വരുന്ന ഡോക്ടർമാർക്ക് പ്രത്യേക താമസ സൗകര്യവും യാത്രാ സൗകര്യവും നൽകാനും വേതന വ്യവസ്ഥയിൽ വർദ്ധനവ് വരുത്താനും വേണ്ടിയുള്ള കാര്യങ്ങൾ നിയമ വ്യവസ്ഥയിൽ ഉൾക്കൊള്ളിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: സ്വകാര്യ മേഖലയെ നിയന്ത്രിക്കാനുള്ള നിയമം കൊണ്ടുവന്നതുകൊണ്ടുമാത്രം ഗ്രാമീണ മേഖലയിലെ ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയില്ല. ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ

LIBRARY ARCHIVES Kerala Legislative Assembly

സേവനം ഉറപ്പുവരുത്തുന്നതും സ്വകാര്യ മേഖലയെ നിയന്ത്രിക്കുന്നതും രണ്ട് കാര്യങ്ങളാണ്. ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെങ്കിൽ ഹൗസ് സർജൻസി കഴിഞ്ഞ ഡോക്ടർമാരുടെ സേവനം നിർബന്ധമായും ഗ്രാമീണ മേഖലയിൽ ഉറപ്പുവരുത്താനാവശ്യമായ നിയമ നിർമ്മാണമാണ് ആവശ്യം.

ശ്രീ. ഇസഹാക് കുരിക്കൾ: സർ, ഡോക്ടർമാരെ ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുന്നതിന് പ്രോത്സാഹിപ്പിച്ചിരുന്നത് പി.ജി.-ക്ക് അവർക്കുള്ള സീറ്റ് റിസർവ്വ് ചെയ്തിരുന്നു എന്നുള്ളതാണ്. ഇത്ര ശതമാനം സീറ്റ് ഡിഫിക്കൾട്ട് ഏരിയയിൽ പ്രവർത്തിച്ച ഡോക്ടർമാർക്ക് പി.ജി.-ക്ക് പഠിക്കാൻ റിസർവ്വ് ചെയ്തിരുന്നു. ആ സീറ്റ് വർദ്ധിപ്പിക്കാനും ഉള്ളത് നിലനിർത്താനും സർക്കാർ നടപടി സ്വീകരിക്കുമോ; അതുവഴി ഗ്രാമീണ പ്രദേശങ്ങളിൽ ജോലി ചെയ്യാൻ ഡോക്ടർമാർ തയ്യാറാവും. ഗ്രാമീണ പ്രദേശങ്ങളിൽ ജോലി ചെയ്യാൻ ഡോക്ടർമാരെ പ്രേരിപ്പിക്കുന്നതിന് പി.ജി.-ക്കുള്ള സീറ്റിൽ സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. സർവ്വീസിലുള്ള ഡോക്ടർമാർക്ക് സർവ്വീസ് ക്വാട്ട ഉണ്ടായിരുന്ന പി.ജി. അഡ്മിഷന് കോടതിയുടെ ഇടപെടൽ കാരണം അതിപ്പോൾ ഇല്ലാതെയായി. ഗവൺമെന്റ് അത് വളരെ ഗൗരവപൂർവ്വമായിട്ടാണ് കാണുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇക്കാര്യം മുൻകൈയെടുത്ത് അദ്ദേഹംകൂടി ഉൾപ്പെട്ട കോൺഫറൻസ് വിളിച്ചുചേർത്ത് ബന്ധപ്പെട്ട ഗവൺമെന്റ് ഡോക്ടർമാരുടെ അസോസിയേഷന്റെ-കെ.ജി.എം.ഒ.എ.-യുടെയും കെ.ജി.എം.സി.ടി.എ.-യുടെയും പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഒരു ഡിസ്ക്ഷൻ നടത്തി. ഗവൺമെന്റ് സർവ്വീസിലുള്ള ഡോക്ടർമാർക്ക് പി.ജി.-ക്ക് അഡ്മിഷന് ആവശ്യമായിട്ടുള്ള സർവ്വീസ് ക്വാട്ട ഉറപ്പ് വരുത്തിക്കൊണ്ട് ആവശ്യമായിട്ടുള്ള നിയമനിർമ്മാണം നടത്താമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. ഗവൺമെന്റ് അതിൽ കമ്മിറ്റഡാണ്. കാരണം ഒന്നാമത് സർവ്വീസിനെ മെച്ചപ്പെടുത്തണം. അതു മാത്രമല്ല സർവ്വീസിൽ വരുന്നവർക്ക് എന്തെങ്കിലും അട്രാക്ഷൻ വേണം. അല്ലെങ്കിൽ അവർ കടന്നുവരില്ല. ഏറ്റവും വലിയ അട്രാക്ഷൻ ഉണ്ടായിരുന്നത് പി.ജി.-ക്ക് അവർക്ക് സർവ്വീസ് ക്വാട്ടയിൽ അഡ്മിഷൻ കിട്ടുമെന്നുള്ളതായിരുന്നു. ഇപ്പോൾ അതില്ല. അത് വളരെ ഗൗരവതരമായിട്ടാണ് ഗവൺമെന്റ് കാണുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ഗ്രാമ പ്രദേശങ്ങളിലെ ഡോക്ടർമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനുള്ള നിയമ നിർമ്മാണത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. നമുക്ക് എല്ലാവർക്കും അതിനോട് യോജിപ്പാണുള്ളത്. എത്രയും വേഗം നടപടികളുണ്ടാക്കുക. ഞാൻ ഇവിടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഡോക്ടർമാരുടെ മാത്രമല്ല വീടുകൾ തോറും കയറി ഇറങ്ങി രോഗങ്ങൾ കണ്ടുപിടിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകാനും ഒക്കെ കഴിയുന്ന വിധത്തിലുള്ള ഫീൽഡ് വർക്ക് ചെയ്യുന്ന ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പടെയുള്ളവരുടെ അഭാവമുണ്ട്. നമ്മുടെ സംസ്ഥാനത്ത് വ്യാപകമായിട്ട് പലതരത്തിലുള്ള പനി പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. ഡെങ്കിപ്പനി, എലിപ്പനി എന്നു മാത്രമല്ല വൈറൽ ഫീവർ എന്നിവ കാരണം ഗവൺമെന്റ് ഹോസ്പിറ്റലുകളിലേക്കും മെഡിക്കൽ കോളേജുകളിലേക്കും എത്തുന്നവരുടെ കണക്ക് മാത്രമേ ഡിപ്പാർട്ടുമെന്റിന്റെ കയ്യിൽ ഉള്ളൂ. എന്നാൽ പ്രൈവറ്റ് ആശുപത്രികളിൽ ധാരാളമായിട്ട് എത്തുന്നുണ്ട്. രോഗികൾക്ക് ഈ രോഗം പടർന്ന് പിടിക്കാതിരിക്കാനും രോഗികളായിട്ടുള്ളവരെ ചികിൽസിക്കാനും എത്തുന്നവർക്കാവശ്യമായ സഹായം ചെയ്യാനുമുള്ള നടപടികൾ പല സ്ഥലങ്ങളിലും വേണ്ടത്ര ഇല്ല. ഇതിന്റെ ഫലമായിട്ട് പനി പടർന്നുപിടിക്കുന്നതിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഗ്രാമപ്രദേശങ്ങളിലുള്ള ഗവൺമെന്റ് ആശുപത്രികളല്ലാത്ത മറ്റ് ആശുപത്രികളുടെ സേവനത്തോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കാൻ ഈ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: പനി പർന്നു പിടിക്കുന്നത് പല അനാരോഗ്യകരമായ സാഹചര്യങ്ങളാലാണ്. വെള്ളം, വെയ്സ്റ്റ് ഡിസ്പോസൽ എന്നിങ്ങനെയുള്ള പ്രശ്നങ്ങളാണ്. പനി വന്നുകഴിഞ്ഞാൽ എന്തുചെയ്യണമെന്നുള്ളതാണ് അതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള രോഗങ്ങൾ വരുന്നത് മനസ്സിലാക്കുന്നതിനുതന്നെ 64 ലക്ഷം രൂപ ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ടുമെന്റിന് കൊടുത്തുകഴിഞ്ഞു. അതിനുശേഷം വിളിച്ചു ചേർത്ത കോൺഫറൻസിൽ ഡി.എം.ഒ. മാർക്ക് വീണ്ടും 14 ലക്ഷം രൂപ, (ഓരോ ലക്ഷം വീതം), കൊടുത്തിട്ടുണ്ട്. ഫീവർ ക്ലിനിക്ക് തുടങ്ങിയിട്ടുണ്ട്. ഇത്തരത്തിൽ രോഗങ്ങൾ വരുമ്പോൾ അതിന് പരിശോധനയ്ക്കാവശ്യമായ diagnostic കിറ്റുകൾ നൽകിയിട്ടുണ്ട്. അതുപോലെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടിയിട്ട് ഹോമിയോ ഡിപ്പാർട്ടുമെന്റിനും ആയുർവ്വേദ ഡിപ്പാർട്ടുമെന്റിനും ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനത്തിന് ഹോമിയോ വകുപ്പ് ഒട്ടുമിക്ക പ്രദേശങ്ങളിലും സ്ഥലങ്ങളിലും ഫലപ്രദമായ പ്രത്യേകമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ആയുർവ്വേദ ഡിപ്പാർട്ടുമെന്റും ഇക്കാര്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോയി: റൂറൽ പോസ്റ്റിംഗ് നൽകുന്നവർക്ക് കിട്ടുന്ന പ്രതിഫലം പതിനായിരം രൂപയാണ്. അത് ഒട്ടും തന്നെ ആകർഷകമല്ല. ആ തുക വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായും അത് പരിശോധിക്കേണ്ട കാര്യമാണ്. കാര്യമായ നിർദ്ദേശമാണ്. ചുരുങ്ങിയ സംഖ്യകൊണ്ട് മാത്രം സേവനം നടത്തുന്ന ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയില്ല. തീർച്ചയായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: റൂറൽ സർവ്വീസിൽ ഹൗസ് സർജൻസിക്ക് ശേഷം ഒരു വർഷം ജോലി ചെയ്യുന്നവരെ സംബന്ധിച്ച് അഭിപ്രായം പറഞ്ഞു. കോടതി മുൻപാകെ അവർ സമർപ്പിച്ച പെറ്റീഷൻ പി.എസ്.സി. ലിസ്റ്റ് ഉണ്ടെന്നും അതുകൊണ്ട് അവരെ പോസ്റ്റ് ചെയ്യേണ്ട കാര്യമില്ലാത്തതിനാൽ കോടതി സ്റ്റേ ചെയ്യുകയും 1999-ലെ പ്രോസ്പെക്ടസ് 2004-ൽ മെച്ചർ ചെയ്തപ്പോഴാണ് ഇത് നടപ്പിലാക്കാൻ തീരുമാനിച്ചത്. അതിന്റെ അർത്ഥം പഠനത്തിന്റെ ഭാഗമായി 1999 മുതൽ വ്യവസ്ഥ വച്ചതാണ്. ആ വ്യവസ്ഥയനുസരിച്ച് ഒരു കൊല്ലം സർവ്വീസ് ചെയ്യാൻ അവർ ബാധ്യസ്ഥരുമാണ്. അതുപോലെ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന സ്റ്റേഷനുകളുടെ പേര് പ്രഖ്യാപിച്ചുകൊണ്ടും ഇവിടെ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് 2 കൊല്ലം കഴിഞ്ഞാൽ ചോദിക്കുന്ന സ്ഥലത്തേക്ക് ട്രാൻസ്ഫർ കൊടുക്കുമെന്ന് നോംസിൽ വ്യവസ്ഥ ഇറക്കിയിരുന്നു. അത് രണ്ടും പാലിക്കുകയും അവർക്ക് ആവശ്യമായിട്ടുള്ള ജീവിത സൗകര്യം ഒരുക്കുകയും ചെയ്താൽ ഈ പ്രദേശങ്ങളിൽ ഡോക്ടർമാരുടെ ദൗർലഭ്യം പരിഹരിക്കാൻ കഴിയില്ലേ? ഇത് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: തീർച്ചയായിട്ടും ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. സി. മോയിൻകുട്ടി: റൂറൽ ഏരിയയിൽ വമ്പിച്ച തോതിൽ ഡോക്ടർമാരുടെ ദൗർലഭ്യം നേരിടുകയാണ്. വിദേശത്തും സ്വദേശത്തും അതുപോലെ സ്വകാര്യ ആശുപത്രികളിലുമൊക്കെ രോഗികൾ പോകുകയാണ്. അത് കണക്കിലെടുത്തുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഹൗസ് സർജൻസി കഴിയുന്നവർ മൂന്ന് കൊല്ലക്കാലത്തേക്ക് ബോണ്ട് നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അത് അഞ്ച് കൊല്ലമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇപ്പോൾ bonded obligation ഉള്ളവർ തന്നെ ഹൈക്കോടതിയിൽ പോയി റിലീവ് ചെയ്തുപോയ കാര്യം ഞാൻ പറഞ്ഞു. അതുകൊണ്ടാണ് വളരെ fool proof ആയിട്ടുള്ള നിയമനിർമ്മാണത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത് തീർച്ചയായിട്ടും ഇക്കാര്യം വളരെ ഗൗരവമായിട്ട് പരിശോധിക്കുന്നതാണ്. കാരണം 201 പി.എച്ച്.സി.-കളിൽ ഐ.പി. വിഭാഗം തുടങ്ങാൻ തീരുമാനിച്ചു. 201 കേന്ദ്രങ്ങളിൽ 100-ൽ താഴെയെ ഇപ്പോൾ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞുള്ളൂ. ഡോക്ടർമാരുടെ അഭാവമാണ് ഇതിനു കാരണം. അതുകൊണ്ട് ഹൗസ് സർജൻസി കഴിഞ്ഞവരുടെ സേവനം ഉറപ്പാക്കാൻ വേണ്ടിയിട്ടുള്ള നിയമനിർമ്മാണത്തിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. താമസിയാതെ ഇക്കാര്യത്തിൽ നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മെഡിക്കൽ കോളേജുകളിൽ മെറിറ്റ് സീറ്റിൽ വരുന്ന ഒരു കുട്ടിയെ പരിശീലിപ്പിക്കാൻ ഈ അടുത്ത കാലത്ത് പത്രത്തിൽ വന്ന ഒരു വാർത്ത അനുസരിച്ച് ഏതാണ്ട് 35 ലക്ഷത്തോളം രൂപ ഗവൺമെന്റ് ചെലവാക്കണം. ആദ്യ കാലഘട്ടങ്ങളിൽ നാലര കൊല്ലം കൊണ്ട് നമ്മുടെ സംസ്ഥാനത്ത് ബോണ്ട് വയ്ക്കുമ്പോൾ ജോലി ചെയ്തില്ലെങ്കിൽ അവരിൽനിന്ന് പ്രത്യേകം തുക ഈടാക്കാനുള്ള വ്യവസ്ഥ നമ്മുടെ ബോണ്ടുകളിൽ ഉണ്ടായിരുന്നു. ഇന്ന് അത് നിലവിലുണ്ടോ? ഹൈക്കോടതി പോസ്റ്റിംഗ് പാടില്ലെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. പക്ഷെ ബോണ്ടിൽ പറഞ്ഞിരിക്കുന്ന തുക ഈടാക്കുന്നതിനുള്ള നിരോധനം ഹൈക്കോടതി ഏർപ്പെടുത്തിയതായിട്ട് കേട്ടിട്ടില്ല. അങ്ങനെയാണെങ്കിൽ കോളേജിൽ ചേരുമ്പോൾ തന്നെ സർക്കാർ ഫീസിൽ പഠിക്കുന്ന കുട്ടികൾക്ക് സ്വകാര്യ കോളേജ് ആകട്ടെ ഗവൺമെന്റ് കോളേജാകട്ടെ അവരിൽനിന്ന് വിദ്യാഭ്യാസ ചെലവിനുവേണ്ടി ഗവൺമെന്റ് ചിലവഴിക്കുന്ന തുകയുടെ 50% എങ്കിലും ഈടാക്കാനുള്ള വ്യവസ്ഥ അങ്ങ് ഇനിയും ഉണ്ടാക്കാൻ പോകുന്ന നിയമത്തിൽ ഉൾപ്പെടുത്താൻ തയ്യാറാകുമോ? മുമ്പ് ഉണ്ടായിരുന്നതാണെന്നുള്ളതിൽ ഇതിൽ വാലിഡിറ്റി ഉണ്ട്. അങ്ങനെ ചെയ്താൽ തന്നെ കുറേയധികം മാറ്റം ഉണ്ടാക്കാൻ കഴിയും. അത് ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഇപ്പോൾത്തന്നെ അതിന് വ്യവസ്ഥയുണ്ട്. രണ്ട് ലക്ഷം രൂപ വരെ ഈടാക്കാനുള്ള വ്യവസ്ഥയുണ്ട്. പക്ഷെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ റിലീവ് ചെയ്തു പോയതുകൊണ്ട് ഇത് ഈടാക്കാൻ കഴിയുമോ എന്നുള്ളത് നിയമപരമായിട്ടുള്ള പ്രശ്നമാണ്. തീർച്ചയായിട്ടും അത് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ: നമ്മുടെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാരുടെ സേവനം വേണ്ടപോലെ ലഭിക്കുന്നില്ലെന്ന് അങ്ങ് പറയുകയുണ്ടായി. ഡോക്ടർമാരുടെ ശമ്പളം കൂട്ടിക്കൊടുത്താലെ എല്ലാ നിലയിലും അവരെ ഗവൺമെന്റ് മേഖലയിലേക്ക് കിട്ടുകയുള്ളൂ. പല സ്ഥലങ്ങളിലും പോസ്റ്റ് ചെയ്തിട്ടുള്ള ഡോക്ടർമാർ ലീവെടുത്തു പോകുകയാണ്. വൈറൽ ഹീവർ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പടെയുള്ള രോഗങ്ങൾ വ്യാപകമായി ബാധിച്ചിരിക്കുന്ന സന്ദർഭങ്ങളിൽപ്പോലും ഡി.എം.ഒ. ഉൾപ്പടെയുള്ളവർ അനുമതിയില്ലാതെ മെഡിക്കൽ ലീവെടുത്ത് പോകുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ നാട്ടിക പി.എച്ച്.സി.-യിൽ മൂന്ന് ഡോക്ടർമാർ ലീവെടുത്ത് പോയി. അതുകൊണ്ട് ഗ്രാമീണ മേഖലയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് അനധികൃതമായി ലീവെടുത്തു പോകുന്ന പ്രവണത തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: ഡോക്ടർമാർക്ക് എലിജിബിളായിട്ടുള്ള ലീവെടുക്കാനുള്ള അധികാരം ഉണ്ട്. പക്ഷെ അനധികൃതമായിട്ട് വളരെ ലോംഗ് ആയിട്ട് ലീവെടുത്തു പോകുന്ന ഡോക്ടർമാരെ സർവ്വീസിൽനിന്ന് ടെർമിനേറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അൺ ആതറൈസ്ഡ് ആബ്സന്റീസിനെ ടെർമിനേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അവർക്ക് ശംബളം കൊടുക്കുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാം.

ഡോ. കെ. സി. ജോസഫ്: നമുക്ക് റൂറൽ സർവ്വീസ് നിർബന്ധിതമാക്കാൻ കഴിയുന്നില്ല. കോടതി വിധികൊണ്ടാണെന്ന് പറയുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ബാഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽ പോലും അവിടെ അഡ്മിഷൻ കിട്ടുന്ന കുട്ടികൾ ഡോക്ടർമാരായാൽ രണ്ട് വർഷം റൂറൽ സർവ്വീസ് നടത്തണമെന്നുള്ള നിബന്ധന വന്നിരിക്കുകയാണ്. അതനുസരിച്ച് പ്രവർത്തിപദത്തിൽ കൊണ്ടുവരികയാണ്. കോടതി അതിന് അനുവാദം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതെങ്ങനെ നടത്തിയെടുക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതുപോലെ സർവ്വീസിൽ ഇപ്പോൾ ഉള്ള ആളുകൾ പ്രൊമോഷൻ ആകുമ്പോൾ പോസ്റ്റ് ചെയ്ത സ്ഥലത്ത് പോകാതെ കസേരയോടുകൂടി നഗരങ്ങളിൽ തന്നെയിരിക്കുന്ന രീതി ആയിരിക്കുകയാണ്. സിവിൽ സർജൻ പോസ്റ്റൊക്കെ റൂറൽ ഏരിയായിലെ താലൂക്ക് ഹോസ്പിറ്റലിൽനിന്നും ട്രാൻസ്ഫർ ചെയ്ത് നഗരങ്ങളിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി ഗവൺമെന്റ് അനുവാദം കൊടുക്കുന്നത് നിർത്തലാക്കാനെങ്കിലും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: നഗരങ്ങളിലേക്ക് കൊണ്ടുപോകുന്ന ഏർപ്പാടൊന്നും ഇപ്പോൾ ഇല്ല. അടുത്തകാലത്തൊന്നും നടന്നിട്ടില്ല. അടുത്തകാലത്തുണ്ടായിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും നിർത്തലാക്കിയിരിക്കും. റൂറൽ സർവ്വീസ് ഉറപ്പുവരുത്താൻ മറ്റ് സംസ്ഥാനങ്ങളിലെ നിയമനിർമ്മാണം കൂടി പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിലാണ് പുതിയ നിയമനിർമ്മാണം വരിക.

(പ്രാദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly